## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 92

12 .03.2015-ൽ
മറുപടിയ്ക്ക്

## 'ജില്ലാ റവന്യു അദാലത്തിലെ പോരായ്മകൾ'

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. റ്റി. എ. അഹമ്മദ് കബീർ
ശ്രീ. സി. മമ്മൂട്ടി

**മറുപടി**

ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) ജില്ലാ റവന്യു അദാലത്തിൽ പതിനായിരങ്ങൾ പങ്കെടുക്കാനിടയാക്കുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(എ) റവന്യു സർവ്വേ വകുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പരാതികൾ അതിവേഗം പരിഹരിക്കുന്നതിനായി ബഹു. റവന്യു വകുപ്പു മന്ത്രിയുടെ നേതൃത്വത്തിലുള്ള അദാലത്തുകൾ 14 ജില്ലകളിലും നടത്തുകയുണ്ടായി. പ്രസ്തുത അദാലത്തിൽ ഓരോ പരാതിക്കാരനും മന്ത്രിയുടെ മുന്നിൽ എത്തുവാനും തങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

(ബി) സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടും, ജനങ്ങൾക്ക് അർഹമായ നീതി യഥാകാലം ലഭ്യമാക്കാൻ കഴിയുന്നില്ലെന്നതിന്റെ പ്രത്യക്ഷ ഉദാഹരണമായി ഇതിനെ വിലയിരുത്തുന്നുണ്ടോ ;

(സി) ജനങ്ങൾക്കു നീതി തടയപ്പെടുന്ന അല്ലെങ്കിൽ കാലവിളംബരപ്പെടുത്തുന്ന പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി) & സി പൊതുജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും അതിവേഗം തീർപ്പു കൽപ്പിക്കുന്നതിനുമായാണ് സ്ഥിരം സംവിധാനങ്ങൾക്കു പുറമേ അദാലത്തുകൾ നടത്തിയിട്ടുള്ളത് .

സെക്ഷൻ ഓഫീസർ